DESPATCHED
On 28/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2486*(2)/2019*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **19040**/*എസ്.ഐ.സി-ജി 6/19*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.റഷീദ് സി.,
തോലിയാനിക്കരയിൽ വീട്,
ആനപ്പാറ, പത്തനംതിട്ട – 689645.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
വില്ലേജ് ഓഫീസർ,
പത്തനംതിട്ട.**

2. **അപ്പീൽ അധികാരി&
തഹസിൽദാർ (ഭൂരേഖ),
താലൂക്ക് ഓഫീസ്,
കോഴഞ്ചേരി.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 16.03.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 09.08.2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 03.07.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 02.08.2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 29. 10.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 23.11. 2019 |
| ഹിയറിംഗ് നടന്ന തീയതി | 23.02.2023, വീഡിയോ കോൺഫറൻസിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ എസ്.പി.ഐ.ഒ. | |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കു സമയബന്ധിതമായി മറുപടി ലഭ്യമാക്കിയില്ലെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 16.03.2019ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) പത്തനംതിട്ട വില്ലേജിലെ 43485, 43439 എന്നീ തണ്ടപ്പേരുകൾ പിടിക്കുന്നതിന് ആസ്പദമായ പോക്ക് വരവ് ഫയലുകളുടെ മുഴുവൻ പേജുകളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നൽകണമെന്നും

2) പത്തനംതിട്ട വില്ലേജിൽ കുമ്പഴ അച്ചൻകോവിലാറിന്റെ തീരത്ത് കുമ്പഴ പാലം മുതൽ തോണ്ടകടവ് വരെ റവന്യൂ വകുപ്പ് സർവ്വെ കല്ലുകൾ സ്ഥാപിച്ച് ഏറ്റെടുത്തിട്ടുള്ളത് എത്ര ആർ വസ്തുവാണെന്നും

3) ഖണ്ഡിക 3ൽ പറഞ്ഞിരിക്കുന്ന വൃക്ഷങ്ങളിൽ എത്ര എണ്ണം അനധികൃതമായി കടത്തിക്കൊണ്ടുപോയി എന്നു തുടങ്ങി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 09.08.2019ന് മറുപടി നൽകിയതായി കാണുന്നു.

3. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 02.08.2019ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി ലഭിച്ചിട്ടില്ലെന്നു അറിയിച്ചുകൊണ്ട് ഒന്നാം അപ്പീൽ സമർപ്പിച്ചിരുന്നുവെന്നും പ്രസ്തുത അപ്പീലിന്മേൽ തീരുമാനമെടുക്കുന്നതിനായി 29.07.2019ന് അപേക്ഷകനെയും എസ്.പി.ഐ.ഒയെയും ടി വിഷയവുമായി ബന്ധപ്പെട്ട റിക്കാർഡുകൾ സഹിതം നേരിൽ കേൾക്കുന്നതിനായി നോട്ടീസ് നൽകിയിരുന്നതും ആയതു പ്രകാരം വില്ലേജ് ഓഫീസർ ഹാജരാകുകയും ചെയ്തുവെന്നാണ്.

വിവരാവകാശ നിയമപ്രകാരം ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാമായിരുന്നിട്ടും ആയതിൽ വീഴ്ച വരുത്തിയിട്ടുള്ളതായി കാണുന്നുവെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാൻ വില്ലേജാഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ട് അപ്പീൽ തീർപ്പാക്കി ഉത്തരവായെന്നുമാണ്. കൂടാതെ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളും പകർപ്പുകളും വില്ലേജാഫീസിൽ പരിശോധന നടത്തിയും വില്ലേജ് റിക്കാർഡുകൾ പരിശോധിച്ചും 15 ദിവസത്തിനകം അപേക്ഷകന് നൽകു

വാൻ എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കിയെന്നുമാണ്.

4. രണ്ടാം എതിർകക്ഷി 24.12.2019ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപേക്ഷ നൽകി 100 ദിവസം കഴിഞ്ഞിട്ടും എതിർകക്ഷിയിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല എന്ന കാരണത്താൽ ഹർജിക്കാരൻ ടി കാര്യാലയത്തിൽ 03.07.2019ന് അപ്പീൽ ഹർജി സമർപ്പിച്ചിട്ടുള്ളതാണെന്നും പ്രസ്തുത അപ്പീലിന്മേൽ തീരുമാനം എടുക്കുന്നതിന് 29.07.2019ൽ അപേക്ഷകനെയും എസ്.പി.ഐ.ഒ.യെയും ടി വിഷയവുമായി ബന്ധപ്പെട്ട റിക്കാർഡുകൾ സഹിതം നേരിൽ കേൾക്കുന്നതിന് നോട്ടീസ് നൽകിയിരുന്നതും ആയതു പ്രകാരം എസ്.പി.ഐ.ഒ. ഹാജരാവുകയും ചെയ്തുവെന്നാണ്.

ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ വില്ലേജ് റിക്കാർഡുകൾ പരിശോധിച്ച് 15 ദിവസത്തിനുള്ളിൽ ടിയാന് മറുപടി നൽകുവാൻ എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ടി വിവരം ഹർജിക്കാരനെ അറിയിച്ചിട്ടുണ്ടെന്നുമാണ്. ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എസ്.പി.ഐ.ഒ. 09.08.2019ൽ ഹർജിക്കാരന് മറുപടി നൽകിയിട്ടുള്ളതായി 09.08.2019ലെ മറുപടിയുടെ പകർപ്പ് സഹിതം ടി കാര്യാലയത്തിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ സമയബന്ധിതമായി മറുപടി ലഭ്യമാക്കിയില്ലെന്നാണ് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 16.03.2019ലെ അപേക്ഷയ്ക്ക് 09.08.2019ലാണ് മറുപടി നൽകിയതായി കാണുന്നത്. ടി കാലതാമസം ഗുരുതരമാകയാൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു കമ്മീഷനു ബോധ്യമാകുന്നു. ടി എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പു

പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലിക മായി തീരുമാനിക്കുന്നു.ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമന ത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും.

കൂടാതെ ടി വിഷയം സംബന്ധിച്ച റിപ്പോർട്ട് ഒരാഴ്ചയ്ക്കുള്ളിൽ കമ്മീഷനിൽ സമർപ്പിക്കണമെന്നും ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ഫെബ്രുവരി 23-ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/